**പതിനാലാം കേരള നിയമസഭ**

**ഏഴാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 879**

**09-08-2017 ലെ മറുപടി**

**ജലസ്രോതസുകളുടെ പുനരുജ്ജീവനം**

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.സി.ദിവാകരൻ<br>ശ്രീ.ഇ.കെ.വിജയൻ<br>ശ്രീ.വി.ആർ.സുനിൽ കുമാർ<br>ശ്രീ.എൽദോ എബ്രഹാം | | മാത്യു.ടി.തോമസ്<br>(ജലവിഭവ വകുപ്പമന്ത്രി) | |
| (എ) | ജലസ്രോതസുകളുടെ പുനരുജ്ജീവനത്തിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചു വരുന്നതെന്നറിയിക്കാമോ; | (എ) | ജലസ്രോതസ്സുകളായ കുളങ്ങൾ, തോടുകൾ, നദികൾ, കായലുകൾ, എന്നിവയുടെ പുനഃരുജ്ജീവന പ്രവർത്തനങ്ങളാണ് ജലസേചന വകുപ്പ് മുഖേന നിർവ്വഹിച്ചു വരുന്നത്. ഇവയുടെ പുനഃരുജ്ജീവനത്തിനായി ആവശ്യമനുസരിച്ച് സംരക്ഷണ പ്രവൃത്തികൾ, തടയണകളുടെ നിർമ്മാണം, ചെളിയും മറ്റു മാലിന്യങ്ങളും നീക്കം ചെയ്യൽ തുടങ്ങിയ പ്രവൃത്തികൾ സാമ്പത്തിക ലഭ്യതയുടെ അടിസ്ഥാനത്തിൽ ഏറ്റെടുക്കുന്നു. കൂടാതെ, നഗര പ്രദേശങ്ങളിൽ നദികളിലേക്ക് മാലിന്യം നേരിട്ട് നിക്ഷേപിക്കാതിരിക്കാൻ കമ്പിവേലികൾ നിർമ്മിക്കുന്ന നടപടിയും സ്വീകരിക്കുന്നു. ഹരിതകേരളം മിഷന്റെ ഭാഗമായ ജലം-മണ്ണ് സംരക്ഷണ ഉപമിഷന്റെ പ്രവർത്തനങ്ങളിലും ആദ്യഘട്ടത്തിൽ ജല സ്രോതസ്സുകളായ കുളങ്ങൾ, തോടുകൾ എന്നിവയുടെ ശുദ്ധീകരണം, പുന:രുജ്ജീവനം തുടങ്ങിയവയ്ക്ക് മുൻഗണന നൽകുന്നതിന് ലക്ഷ്യമിട്ടിട്ടുണ്ട്.<br>ഭൂജലവകുപ്പിൽ ഭൂജലസംരക്ഷണത്തിനും സംപോഷണത്തിനുമായി കൃത്രിമഭൂജലസംപോഷണ പ്രവർത്തനങ്ങൾ സംസ്ഥാനത്ത് നടപ്പിലാക്കി വരുന്നു.<br>ജലസ്രോതസ്സുകളുടെ പുനഃരുജ്ജീവനത്തിന് വേണ്ടിയുള്ള ജലനിധിയുടെ കുടിവെള്ളപദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള കിണറുകളിൽ ആഴം കൂട്ടുക, പാരപറ്റ്/സ്റ്റീനിംഗ്, കെട്ടികിടക്കുന്ന അഴുക്കായ വെള്ളം പമ്പു ചെയ്ത് മാലിന്യം/മണ്ണുനീക്കൽ എന്നിവ നടപ്പിലാക്കി വരുന്നു. പുതിയ പമ്പ്സെറ്റ് സ്ഥാപിച്ചും വെള്ളത്തിന്റെ ഗുണനിലവാരം ഉറപ്പുവരുത്തിയും കുടിക്കാൻ യോഗ്യമാക്കിത്തീർക്കുന്നു. |

| | | | |
|---|---|---|---|
| (ബി) | ഹരിതകേരളം മിഷന്റെ ഭാഗമായി പത്തനംതിട്ടയിലെ ആദിപമ്പ-വരട്ടാർ പുനരുജ്ജീവിപ്പിക്കുന്നതിന് സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ; | (ബി) | ആദി പമ്പാ, വരട്ടാർ എന്നീ ജലസ്രോതസ്സുകൾ ജനകീയ പങ്കാളിത്തത്തോടെ (സാമ്പത്തിക സമാഹരണം ഉൾപ്പെടെ) പുന:രുജ്ജീവിപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ജലസേചന വകുപ്പ് നടത്തി വരുന്നു. ആദ്യഘട്ട പ്രവർത്തനങ്ങൾക്ക് ഹരിതകേരളം മിഷൻ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, ജലസേചന വകുപ്പ്, റവന്യൂ വകുപ്പ്, തൊഴിലുറപ്പ് പദ്ധതി തുടങ്ങിയവയുടെ പൂർണ്ണതോതിലുള്ള സഹകരണവും പിന്തുണയും ഉണ്ടായിട്ടുണ്ട്. രണ്ടാം ഘട്ടത്തിൽ പരിസ്ഥിതി ആഘാത പഠനം നടത്തി, സർവ്വെ കല്ലുകൾ സ്ഥാപിച്ച് അതിർത്തി തിരിക്കുന്നതിനും അതിനോട് ചേർന്ന് നടപ്പാതകൾ നിർമ്മിച്ച് തദ്ദേശീയ വൃക്ഷങ്ങൾ നടുന്നതിനും ലക്ഷ്യമിട്ടിട്ടുണ്ട്. കൂടാതെ, ജല ഒഴുക്ക് സുഗമമാക്കുന്നതിനായി നദിക്ക് കുറുകെയുള്ള ചെറിയ പാലങ്ങൾ, ചപ്പാത്തുകൾ, നടപ്പാതകൾ എന്നിവ പുന:നിർമ്മിക്കുന്നതിനുള്ള പ്രാരംഭ നടപടികൾ ആരംഭിച്ചിട്ടുണ്ട്. |
| (സി) | ജനപ്രതിനിധികൾ പങ്കെടുത്ത 'ജലമൊഴുകും മുമ്പ് ജനമൊഴുകട്ടെ' വിളംബര ജാഥയുടെയും 'പുഴ നടത്ത'ത്തിന്റെയും ഉദ്ദേശ്യ ലക്ഷ്യങ്ങൾ വ്യക്തമാക്കുമോ? | (സി) | കഴിഞ്ഞ വർഷം കേരളം നേരിട്ട രൂക്ഷമായ വരൾച്ചയുടെ പശ്ചാത്തലത്തിൽ നാശോന്മുഖമായി കൊണ്ടിരിക്കുന്ന ജലസ്രോതസ്സുകളുടെ പുന:രുജ്ജീവനം പൊതുവിൽ മുഖ്യ ചർച്ചാവിഷയമായിരുന്നു. ജലസ്രോതസ്സുകളുടെ സംരക്ഷണം, മാലിന്യമുക്തമാക്കി സംരക്ഷിക്കുക, അധികമായി അടിഞ്ഞുകൂടിയിട്ടുള്ള ചെളി/മണ്ണ് നീക്കം ചെയ്യുക, ജലസംരക്ഷണം/ജലഉപഭോഗം എന്നിവയെക്കുറിച്ച് ജനങ്ങളിൽ അവബോധമുണ്ടാക്കുക, ജനപങ്കാളിത്തം ഉറപ്പാക്കുക തുടങ്ങിയവയായിരുന്നു വിളംബര ജാഥയുടെയും പുഴ നടത്തത്തിന്റെയും ലക്ഷ്യങ്ങൾ. |

**സെക്ഷൻ ഓഫീസർ**